പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ T 3701

23/08/2017 ൽ മറുപടിക്ക്

**കെ.എസ്.ഡി.പി.യുടെ പ്രവർത്തനം**

ചോദ്യം

ശ്രീ.പി.കെ. ശശി

മറുപടി

ശ്രീ.എ.സി.മൊയ്തീൻ

(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാന പൊതുമേഖലാ മരുന്നുനിർമ്മാണ സ്ഥാപനമായ കെ.എസ്.ഡി.പി.യുടെ പ്രവർത്തനം മെച്ചപ്പെടുത്താനും ജനറിക് മരുന്നുകൾക്ക് പുറമേ ബ്രാൻഡഡ് മരുന്നും വിപണിയിലെത്തിക്കാനും എന്ത് നടപടികൾ സ്വീകരിച്ച് വരുന്നു എന്ന് വ്യക്തമാക്കുമോ; | എ) & | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ ലാഭകരമായ പ്രവർത്തനത്തിനു വേണ്ടി കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും കൂടുതൽ ഓർഡറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു. നിലവിലുള്ള ഉല്പാദന ശേഷി മെച്ചപ്പെടുത്തുന്നതിനാവശ്യമായ പദ്ധതികൾക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 475 ലക്ഷം രൂപയുടെ പ്രത്യേക ധനസഹായം കമ്പനിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ട്. |
| ബി) | കെ.എസ്.ഡി.പി. ഉല്പാദിപ്പിക്കുന്ന മരുന്നുകൾക്ക് ബ്രാൻഡ് നാമം ലഭിക്കാനായി കേന്ദ്രസർക്കാരിനെ സമീപിച്ചുവോ; എങ്കിൽ നാളിതുവരെ ഇത് നേടിയെടുക്കാൻ വേണ്ടിചെയ്ത പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | ബി) | കേരളത്തിനാവശ്യമായ നോൺ ബീറ്റാലാക്ടം മരുന്നുകൾ, ഇഞ്ചക്റ്റിബിൾസ്, ഹോസ്പിറ്റൽ ഡിസ്പോസിബിൾസ് എന്നിവ നിർമ്മിക്കുന്നതിനാവശ്യമായ വിപുലമായ വികസന പദ്ധതിയ്ക്കായി 2017-18 ൽ 28.15 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനും സർക്കാർ വായ്പയും അതിന്മേലുള്ള പലിശയുമായുള്ള 106 കോടി രൂപ മൂലധനമായി മാറ്റുവാനും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ രീതിയിലുള്ള ഇടപെടലുകളിലൂടെ സ്ഥാപനത്തിന്റെ ലാഭകരമായ നടത്തിപ്പാണ് സർക്കാർ ലക്ഷ്യമിടുന്നത്. നിലവിൽ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് ബീറ്റാലാക്ടം, നോൺ |

| | | | |
|---|---|---|---|
| | | | ബീറ്റാലാക്ടം എന്നിങ്ങനെ രണ്ട് വിഭാഗം മരുന്നുകൾ ആണ് കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകുന്നത്. ഇപ്പോൾ ബീറ്റാലാക്ടം ഇഞ്ചക്ഷൻ പ്ലാന്റിനോട് അനുബന്ധമായി വിഭാവനം ചെയ്ത ഡ്രൈ പൗഡർ ഇഞ്ചക്ഷൻ യൂണിറ്റ് ഉല്പാദനം സജ്ജമായിക്കഴിഞ്ഞു. കമ്പനിയുടെ ആധുനിക ലബോറട്ടറിയ്ക്ക് NABL അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ട്.<br>ബ്രാൻഡഡ് മരുന്നുകളുടെ വിപണി ലഭ്യമാക്കാനായി കേന്ദ്ര സർക്കാരിന്റെ Controller General of Patent, Design and trademark ൽ രജിസ്റ്റർ ചെയ്യുകയും ട്രേഡ് മാർക്ക് രജിസ്ട്രേഷൻ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയുമാണ്. |
| സി) | സ്വകാര്യ കമ്പനികൾ വൻ ലാഭം കൊയ്യുന്ന ക്യാൻസർ ചികിത്സാ മരുന്നുകളും പ്രമേഹരോഗികൾക്കുള്ള ഇൻസുലിനും കെ.എസ്.ഡി.പി. വഴി നിർമ്മാണം നടത്തി കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള തീരുമാനത്തിന്മേൽ എന്തു നടപടികൾ നാളിതുവരെ സ്വീകരിച്ചു ; | സി) & ഡി) | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ നിലവിലുള്ള നിർമ്മാണശാലകളിൽ ക്യാൻസർ ചികിത്സയ്ക്ക് ആവശ്യമായ മരുന്നുകൾ നിർമ്മിക്കുവാൻ സാധ്യമല്ല. ഇതിനുവേണ്ടി ഉന്നത സാങ്കേതിക വിദ്യ അടിസ്ഥാനമാക്കിയുള്ള നൂതന നിർമ്മാണശാല സ്ഥാപിക്കേണ്ടതുണ്ട്. ക്യാൻസർ മരുന്നുകൾ നിർമ്മിക്കുന്നതിനു വേണ്ട സാങ്കേതിക സഹായത്തിനു വേണ്ടി കേന്ദ്ര സർക്കാർ സ്ഥാപനമായ സി.ഡി.ആർ.ഐ., ലക്നൗ-വുമായി ഒരു കരാറിൽ ഒപ്പു വച്ചിട്ടുണ്ട്. ഇൻസുലിൻ ഉല്പാദനത്തിനായി സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി ശ്രമം നടത്തിവരുന്നുണ്ട്. |
| ഡി) | രോഗികൾക്ക് കൈത്താങ്ങാകുന്ന പ്രസ്തുത തീരുമാനപ്രകാരം കെ.എസ്.ഡി.പി. വഴി എന്നത്തേക്ക് പ്രസ്തുത മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ കഴിയും; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ